നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. ബാബു. എം. പാലിശ്ശേരി മരട് മുനിസിപ്പൽ സെക്രട്ടറിയെക്കുറിച്ച് ഇവിടെ പറഞ്ഞു. മരട് മുനിസിപ്പൽ സെക്രട്ടറി ശ്രീ. എസ്. ജയകുമാറിനെ ഗ്രേഡ് II മുനിസിപ്പൽ സെക്രട്ടറിയായി പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 14.6.2012 -ൽ അതായത് 40 ദിവസം മുമ്പ് സർക്കാർ ഉത്തരവ് നമ്പർ 1618/2012/എൽ.എസ്.ജി.ഡി പ്രകാരം കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിലേയ്ക്ക് മാറ്റിയിരുന്നു. പക്ഷെ അദ്ദേഹം അവിടെ ജോയിൻ ചെയ്തില്ല. ഇവിടെ എവിടെയെങ്കിലും കിട്ടണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13.7.2012-ൽ സർക്കാർ ഉത്തരവ് നമ്പർ 1949/2012/എൽ.എസ്.ജി.ഡി പ്രകാരം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്ക് മാറ്റി നിയമിക്കുകയുണ്ടായി. ശ്രീ. ജയകുമാർ ഇതുവരെ മരടിൽ നിന്നും റിലീസ് ചെയ്തിട്ടില്ല. അദ്ദേഹം ഇപ്പോഴും അവിടെ സെക്രട്ടറിയായി തുടരുകയാണ്. വൻകിട ഹോട്ടലുകളിൽ റെയ്ഡ് നടത്തിയതിനെ തുടർന്നാണ് ടിയാനെ സ്ഥലം മാറ്റിയതെന്നാണ് ശ്രീ. ബാബു. എം. പാലിശ്ശേരി ഇവിടെ പറഞ്ഞത്. അത് അടിസ്ഥാനരഹിതമാണ്. വാസ്തവവിരുദ്ധമാണ്. റെയ്ഡ് നടക്കുന്നതിന് ആഴ്ചകൾക്കുമുൻപേ ഇദ്ദേഹത്തെ സ്ഥലം മാറ്റിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഫൈവ് സാറ്റാർ ഹോട്ടലായാലും, തട്ടുകടയായാലും നല്ല ഭക്ഷണം കൊടുക്കാത്ത എല്ലാ കടകളും ഇവിടെ പൂട്ടും. അതുറപ്പാണ്. അത് ടോർപിഡോ ചെയ്യാൻ ഇതുപോലുള്ള ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിക്കരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിയമസഭയിൽ ഉയർന്നുവന്ന എല്ലാ നല്ല അഭിപ്രായങ്ങൾക്കും ഞാൻ മെമ്പർമാർക്ക് പ്രത്യേകിച്ച് നന്ദി പറയുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഇന്ന് വളരെ മോഡറേറ്റ് ആയിരുന്നു, അവസാനം വളരെ പതുങ്ങിയ സ്വരത്തിൽ ഒരു ഭീഷണിയും കൂടെ മുഴക്കി. എന്തോ ഒരു തളർച്ച ഡോ. ടി. എം. തോമസ് ഐസകിന്റെ ഭാഷയിലും പെരുമാറ്റത്തിലും ബോഡി ലാംഗ്വേജിലുമെല്ലാം വന്നിട്ടുണ്ട്. അത് ചിലപ്പോൾ നന്മയ്ക്കായിരിക്കും എന്നാണ് എന്റെ പ്രതീക്ഷ. അങ്ങ് ഉന്നയിച്ച സ്പെസി ഫിക്കായിട്ടുള്ള കാര്യങ്ങൾക്ക് മറുപടി അവസാനം പറയാം. ഈ വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയാണ് ഇത്. 616 കോടി രൂപയാണ് അധികമായി ചോദിച്ചിരിക്കുന്നത്. ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞ പുതിയ പരിപാടികൾക്കും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ അധികച്ചെലവുകൾക്കും മന്ത്രിസഭ കൈക്കൊണ്ട പുതിയ തീരുമാനങ്ങൾക്കും വേണ്ടിയാണ് വാസ്തവ ത്തിൽ ഈ സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്നിരിക്കുന്നത്. എല്ലാവരും സമ്മതിക്കുന്നതുപോലെ ഇന്ന് ലോകമാകെ Global Slowdown ആണ്. 2008-ലെ പ്രതിസന്ധിയിൽ നിന്ന് ഏതാണ്ട് രക്ഷപ്പെടുന്ന സന്ദർഭത്തിലാണ് ഇപ്പോൾ വീണ്ടും ഒരു Global Slowdown വന്നിരിക്കുന്നത്. വാസ്തവത്തിൽ യൂറോപ്യൻ രാജ്യങ്ങളെയൊക്കെ അത് പിടിച്ചുകുലുക്കിയിരിക്കുകയാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ഗ്രോത്തിൽ 2%-ത്തോളം പുറ കോട്ട് പോയിട്ടുണ്ടെങ്കിലും നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നുണ്ട് എന്നത് വലിയൊരു കാര്യമാണ്. കേരളത്തിലും ലഘുവായി Global Slowdown ബാധിച്ചിട്ടുണ്ട്. ബാധിച്ചിട്ടില്ല എന്നു ഞാൻ പറയുന്നില്ല, നമുക്ക് മാത്രമായി ഒറ്റയ്ക്ക് മാറിനിൽക്കാൻ സാധിക്കില്ല. ഇന്ത്യയ്ക്ക് പല external reasons ഉണ്ട്. ഞാൻ അതിലേയ്ക്ക് കടന്ന് സമയം കളയുന്നില്ല, ഒരൊറ്റ കാര്യം പറയട്ടെ. ഈ Global slowdown ന്റെ കാലഘട്ടത്തിൽ ഒരു ഗവൺമെന്റ് എന്തുചെയ്യണം? ബഡ്ജറ്റിന്റെ ദിശ എങ്ങോട്ടായിരിക്കണം? ഈ ഗവൺമെന്റിന്റെ സമീപനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാര്യം അതാണ്. നമുക്ക് ഏറ്റവും പ്രധാനമായിട്ടുള്ളത് കാർഷിക മേഖല

യാണ്. അവിടെയാണല്ലോ ഏറ്റവും കൂടുതൽ വർക്ക്ഫോഴ്സ്. നമ്മുടെ പ്രൈമറി സെക്ടർ തളർന്നുപോയാൽ എല്ലാ സെക്ടറും തളരും. നമ്മുടെ കാർഷിക മേഖലയിൽ നെഗറ്റീവ് ഗ്രോത്താണ് നിലനിൽക്കുന്നത്. ആ കാർഷികമേഖലയിൽ കൂടുതൽ പ്രൊഡക്ഷനും പ്രൊഡക്ടിവിറ്റിയുമുണ്ടാക്കുക, അവിടെ കൂടുതൽ ജോബ് ക്രിയേറ്റ് ചെയ്യുക എന്നുള്ളതാണ് വാസ്തവത്തിൽ ഈ ഗവൺമെന്റിന്റെ നയം. അതിന്റെ മുതൽമുടക്കിനെ സംബന്ധിച്ച് പറയുമ്പോൾ 2010-11-ൽ കാർഷിക മേഖലയ്ക്ക് 382 കോടി രൂപ provide ചെയ്ത സ്ഥാനത്ത് 2011-12-ൽ 548 കോടി രൂപയും 2012-13-ൽ 809 കോടി രൂപയുമാണ്. അങ്ങനെ 112% വർദ്ധനവാണ് കാർഷികമേഖലയ്ക്ക് നൽകിയിരിക്കുന്നത്. കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുവാൻ വേണ്ടി ഈ ഗവൺമെന്റ് ബോധപൂർവ്വമായി കൊടുത്തിട്ടുള്ള ഒരു പ്രൊവിഷനാണ്. അതുകൊണ്ടാണ് ഈ വർഷത്തെ ബഡ്ജറ്റിൽ മൂല്യവർദ്ധനയ്ക്ക് നമ്മൾ പ്രാധാന്യം കൊടുത്തത് കൂടാതെ ഹൈടെക് അഗ്രിക്കൾച്ചർ, ബയോപാർക്കുകൾ, റൈസ് ബയോപാർക്കുകൾ, കോക്കനട്ട് ബയോപാർക്കുകൾ, ഗ്രീൻ ഹൗസ് എന്നിവ കൊണ്ടുവരുന്നു. ഇതൊക്കെ വലിയ മാറ്റങ്ങളാണ്. ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന Global Slowdown-ൽ നിന്ന് രക്ഷ നേടിക്കൊണ്ട്, മുക്തി പ്രാപിച്ചുകൊണ്ട് കേരളത്തെ വികസനത്തിന്റെ ഹൈവേയിലേയ്ക്ക് കൊണ്ടുപോകുക എന്നതാണ് ഈ ഗവൺമെന്റിന്റെ വിഷൻ. ഇതിൽ പ്രധാനമായുള്ളത് ജോബ് ക്രിയേഷനാണ്. ഈ ഗ്രോത്ത് നമുക്കുണ്ടാകണമെങ്കിൽ ജോബ് ക്രിയേഷൻ ഉണ്ടാകണം. കാരണമെന്താണ്? മനുഷ്യന്റെ കയ്യിൽ പണമുണ്ടെങ്കിൽ പർച്ചേസിംഗ് പവറുണ്ടാകും; പർച്ചേസിംഗ് പവറുണ്ടായാൽ സാധനം വാങ്ങും; സാധനം വാങ്ങുമ്പോഴാണ് ഡിമാന്റുണ്ടാകുന്നത്; അങ്ങനെയാണെങ്കിലേ നമ്മുടെ വ്യവസായമേഖല പുഷ്ടിപ്പെടുകയുള്ളൂ. സാമ്പത്തികവളർച്ചയെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമായിട്ടുള്ളത് ജോബ് ക്രിയേഷനാണ്. ആ ജോബ് ക്രിയേഷനുവേണ്ടിയാണ് വാസ്തവത്തിൽ കഴിഞ്ഞ കൊല്ലത്തെ സ്വയംസംരംഭക മിഷനും ഇക്കൊല്ലത്തെ Skill acquisition programme ഉം Skill enhancement programme ഉം. ഇതെല്ലാം വരുമ്പോൾ വലിയ മാറ്റങ്ങളാണ് വരാൻ പോകുന്നത്. നമുക്കിവിടെ കൂടുതൽ ജോബ് ക്രിയേറ്റ് ചെയ്യപ്പെടും; ജനങ്ങൾക്ക് കൂടുതൽ വരുമാനമുണ്ടാകും;

അവർക്ക് കൂടുതൽ പർച്ചേസിംഗ് പവറുണ്ടാകും; വ്യവസായ ശാലകൾ ഉല്പാദിപ്പിക്കുന്ന പ്രോഡക്ട്സ് കോമ്പിറ്റേറ്റീവാകും: അതിന് കൂടുതൽ ഡിമാന്റുണ്ടാകും; ഇവിടെ സെക്കന്ററി സെക്ടറും സർവ്വീസ് സെക്ടറുമൊക്കെ പുഷ്ടിപ്പെടും. ആ നിലയ്ക്ക് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള, അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് വേണ്ടിയുള്ള പ്രോഗ്രാമുകളാണ് ബഡ്ജറ്റിനകത്ത് നമ്മൾ പറഞ്ഞിരിക്കുന്നത്. ഇവിടെ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഒരു ചർച്ച ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് കൊണ്ടുവരികയുണ്ടായി. ഇതിനുമുമ്പ് ചില അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. 2010-11-ൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 4281 കോടി രൂപയായിരുന്നുവെങ്കിൽ, 2011-12-ൽ അത് 4560 കോടി രൂപയും 2012 -13-ൽ 6555 കോടി രൂപയുമായി. ഡോ. ടി. എം. തോമസ് ഐസകിനോട് ഞാൻ പറയട്ടെ, നിങ്ങളുടെ കാലഘട്ടത്തേക്കാൾ 53% വർദ്ധനയാണ് ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. അങ്ങ് ഇവിടെ ശതമാനക്കണക്ക് പറഞ്ഞു, i.e. percentage to the G.D.P. പക്ഷേ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ പെർസന്റേജ് എടുക്കേണ്ടത് ടോട്ടൽ എക്സ്പെൻഡിച്ചറുമായിട്ട് കംപെയർ ചെയ്തിട്ടാണ്. അങ്ങനെ എടുക്കുകയാണെങ്കിൽ നിങ്ങളുടെ കാലഘട്ടത്തിൽ 8% ആയിരുന്ന ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 10% ആയി ഉയർന്നിരിക്കുന്നു. നിങ്ങളുടെ കാലത്ത് ടോട്ടൽ എക്സ്പെൻഡിച്ചറിന്റെ 8% മാത്രമായിരുന്ന ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ, ഞങ്ങളുടെ കാലത്ത് ഒരു വർഷം കഴിഞ്ഞപ്പോൾ 10% ആയി ഉയർത്തിയിട്ടുണ്ട്. ആ പെർസന്റേജ് മാറ്റിക്കൊണ്ട് വേറൊരു പെർസന്റേജ് പറയാൻ ഡോ. ടി. എം. തോമസ് ഐസക് ചൈനയിൽ നിന്ന് ഇവിടെ വരെ വന്നത് ഓർക്കുമ്പോൾ എനിക്ക് വലിയ സങ്കടം തോന്നിപ്പോകുകയാണ്. ഒരു ദിവസം കൂടി താമസിച്ചു വന്നാൽ മതിയായിരുന്നു. ഇത്രയും ഒരു തട്ടിപ്പ് ഈ രീതിയിൽ കൊണ്ടുവരുന്നത് ശരിയല്ല. ഇവിടെ ഇതുവരെയുമായിട്ട് there is no treasury restriction, there is no ways and means advance, there is no overdraft ഒരു കാലത്തുമുണ്ടായിരുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇതുവരെയുള്ള പെർഫോമൻസിനെ സംബന്ധിച്ചിടത്തോളം ഞാൻ

ഇതു മാത്രം പറഞ്ഞുവെന്നേയുള്ളൂ. ഇതുകൂടാതെ ഒരു കാര്യം കൂടി പറയട്ടെ, ഇവിടെ എന്തിനാണ് ബുദ്ധിമുട്ട്? എല്ലാ കാര്യങ്ങൾക്കും കൈ തുറന്നു കൊടുക്കുകയാണ്. ഇന്നലെയും അതിനു മുമ്പുള്ള ദിവസങ്ങളിലെയും ചില ഓർഡറുകൾ ഞാൻ പറയാം. തൊഴിലുറപ്പ് പദ്ധതിക്ക് ബഡ്ജറ്റിൽ 1000 രൂപ, 100 ദിവസം ജോലി ചെയ്ത ആളുകളുടെ കുട്ടികൾക്ക് സ്കൂളും കോളേജും തുറക്കുന്ന സമയത്ത് എന്തെങ്കിലും കിറ്റും വാങ്ങാൻ, ഡ്രെസ്സ് വാങ്ങാൻ ഓരോരുത്തർക്കും 1000 രൂപ വച്ച് കൊടുക്കുമെന്ന് പറഞ്ഞു. ഒരു ലക്ഷത്തി അയ്യായിരം പേർക്ക് ഇന്നലെ ഞങ്ങൾ പത്തരക്കോടി രൂപ disburse ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസം കൊടുക്കണമെന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പലതവണ എന്നോട് പറയുകയുണ്ടായി. ഇന്നലെ 10 കോടി 57 ലക്ഷം രൂപയുടെ ഓർഡർ കൊടുത്തു. ഓണം കിറ്റിന് 17 കോടി രൂപയുടെ സാങ്ഷൻ കൊടുത്തിരിക്കുകയാണ്. ക്ഷേമ പെൻഷനുകളടക്കം ഓരോ കാര്യങ്ങൾക്കും ആവശ്യമായ തുക കൊടുത്തുകൊണ്ടിരിക്കുകയാണ്. വികസനച്ചെലവിന് പണം വളരെ കുറവാണെന്ന് ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞു. എനിക്ക് ശ്രീമതി ഇ. എസ്. ബിജിമോളോട് പറയാനുള്ളത്, വികസനച്ചെലവ് എടുക്കുന്നുണ്ടെങ്കിൽ 2009-10-ൽ 19,968 കോടി രൂപയായിരുന്നു. അത് 13 ശതമാനമാണ്, 2010-2011-ൽ എത്തുമ്പോൾ 22,282 കോടി രൂപയായി വർദ്ധിച്ചു. അത് 17 ശതമാനമാണ് 2011-12-ൽ 29,283 കോടി രൂപയായി വർദ്ധിച്ചു. അത് 31 ശതമാനമാണ്. വികസനച്ചെലവിൽ ഉണ്ടായിരിക്കുന്ന ഉയർച്ചയാണിത്. വികസനച്ചെലവൊക്കെ ചില സ്ഥലങ്ങളിൽ മാത്രമേയുള്ളൂ എല്ലായിടത്തുമില്ല എന്നാണ് ചിലരുടെ അഭിപ്രായം. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ 700 കോടി രൂപ, പ്രതിപക്ഷത്തിന് അവകാശപ്പെട്ടത് കൃത്യമായി ഞങ്ങൾ കൊടുത്തത് ചരിത്രത്തിൽ ആദ്യമായിട്ടാണ്. നിങ്ങളുടെ കാലഘട്ടത്തിൽ ഇതുവല്ലതും ചെയ്തോ? നിങ്ങൾ ഭരണ പ്രതിപക്ഷമെന്ന വേലിക്കെട്ടിനകത്ത്............. ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ നിങ്ങൾ ഞങ്ങളെ പരിഗണിച്ചോ? ഇപ്പോൾ 700 കോടിരൂപ വീതംവച്ചപ്പോൾ കൃത്യമായി പ്രതിപക്ഷത്തിനുള്ളത് പ്രതിപക്ഷത്തിന് കിട്ടും; ഭരണകക്ഷിക്കുള്ളത് ഭരണകക്ഷിക്ക് കിട്ടും. അതു

കൊണ്ട് തികച്ചും നിഷ്പക്ഷമായ ഒരു നയം സ്വീകരിച്ച ഗവൺമെന്റാണിത്. ശ്രീ. എം. ഹംസ നികുതി പിരിവ് കുറഞ്ഞുപോയി. എന്ന് പറഞ്ഞു. നികുതി പിരിവ് കുറഞ്ഞില്ല. 2011-12-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 19,442 കോടി രൂപയായി രുന്നു. അത് അവസാനിപ്പിച്ചപ്പോൾ 19310 കോടി രൂപയായി ഗ്രോത്ത് റേറ്റ് 19.5 ശതമാനമാണ്. 2012-13-ൽ ഏപ്രിൽ മാസത്തിൽ 27 ശതമാനവും മെയ് മാസത്തിൽ 20 ശതമാനവും ജൂൺ മാസത്തിൽ 20 ശതമാനവുമാണ് ഗ്രോത്ത് റേറ്റ്. നമ്മുടെ ഫസ്റ്റ് ക്വാർട്ടറിലെ ഗ്രോത്ത് റേറ്റ് 22 ശതമാനമാണ്. അതാണ് ടാർജറ്റ്, ഈ വർഷത്തെ ടാർജറ്റ് 22 പെർസെന്റാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചപ്പോൾ കിട്ടു മായിരുന്ന നികുതി വരുമാനം നിങ്ങളുടെ കാലത്ത് നിങ്ങൾ സ്വായത്തമാക്കി യപ്പോൾ ഞങ്ങൾ അത് വേണ്ടെന്നുവച്ചിട്ടും ഈ നികുതി വരുമാന വർദ്ധനവ് കൈവരുത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ അഭിമാനകരമാണ്. ചെക്ക്പോസ്റ്റ് വരുമാനം കുറഞ്ഞുപോയെന്ന് ബഹുമാനപ്പെട്ട എം. ഹംസ പറയുകയുണ്ടായി. 2008-09-ൽ 262 കോടി രൂപയും 2009-10-ൽ 276 കോടി രൂപയും 2010-11-ൽ 268 കോടി രൂപയും 2011-12-ൽ 669 കോടി രൂപയുമാണ്. ചെക്ക് പോസ്റ്റിൽ എത്രവരുമാന വർദ്ധനവാണ് ഞങ്ങൾക്ക് ഉണ്ടാക്കാൻ കഴി ഞ്ഞത്. സെക്യൂരിറ്റി ഡെപ്പോസിറ്റും ഇതുപോലെയാണ്. 2010-2011 -ൽ 23 കോടിരൂപയായിരുന്നത് 2011-12-ൽ 44 കോടി രൂപയായി ഉയർത്താൻ കഴി ഞ്ഞു. എ.എസ് കൊടുക്കുന്നതിനെപ്പറ്റി ശ്രീ. എം. ഹംസ ഇവിടെ വിമർശിച്ചു. എ.എസ് കൊടുക്കുന്നതിൽ അഞ്ചു കോടി രൂപ വികേന്ദ്രീകരിക്കണം എന്ന് പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് നല്ല പോയി ന്റാണ്. ഈ ഗവൺമെന്റ് അതു ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന് സ്വന്തമായി മൂന്നുകോടി രൂപയ്ക്കുവരെ എ.എസ് കൊടു ക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അത് അഞ്ചുകോടി രൂപ വരെയായി ഉയർത്തി കൊടുത്തിരിക്കുന്നു. ഇനി അഞ്ചുകോടി രൂപയിൽ കൂടുതലുള്ളത് മാത്രം ഫിനാൻസ് ഡപ്പാർട്ട്മെന്റിൽ വന്നാൽ മതി. ധനകാര്യവകുപ്പിൽ അതിനൊരു താമസവുമില്ല. കഴിഞ്ഞ കൊല്ലം 2011-12-ൽ പി.ഡബ്ല്യൂ.ഡി-ക്ക് മാത്രമായി 2280 കോടി രൂപയുടെ എ.എസ് ആണ് കൊടുത്തത്. ഈ വർഷം ആദ്യത്തെ

ക്വാർട്ടറിൽ 1246 കോടിരൂപ എ.എസ് കൊടുക്കുവാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണ്. അതുപോലെ കഴിഞ്ഞ വർഷം നബാർഡ് RIDF പദ്ധതിക്ക് 1080 കോടി രൂപ ഫിനാൻഷ്യൽ സാംഗ്ഷൻ കൊടുത്തത് all time record ആണ്. ഈ നിലയ്ക്ക് ആലോചിക്കുമ്പോൾ എ.എസ്-ന്റെ കാര്യത്തിൽ ഒട്ടും താമസമില്ലാതെ വളരെ വേഗതയിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. കോൺട്രാക്റ്റേഴ്സിന്റെ അരിയറിനെപ്പറ്റി ബഹുമാനപ്പെട്ട പ്രൊഫ. മാത്യൂ റ്റി. തോമസ് പറഞ്ഞു.

<u>മി. സ്പീക്കർ</u>: ശ്രീ. മാത്യൂ റ്റി. തോമസ് പ്രൊഫസറല്ല അഡ്വക്കേറ്റാണ്

<u>ശ്രീ. കെ. എം. മാണി</u>: കോളേജിൽ പഠിപ്പിക്കുന്നു എന്ന അർത്ഥത്തിലല്ല പ്രൊഫസർ എന്ന് പറഞ്ഞത്. A learned person എന്ന നിലയ്ക്കാണ് പറഞ്ഞത്. അദ്ദേഹം കോൺട്രാക്റ്റേഴ്സിന്റെ ബിൽ തടഞ്ഞുവച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസിന്റെ അറിവിലേയ്ക്ക്, മാർച്ച് 31 വരെയുള്ള മുഴുവൻ തുകയും കോൺട്രാക്റ്റേഴ്സിന് കൊടുത്തു തീർത്തു. ഏപ്രിൽ മാസത്തേത് കൊടുക്കാൻ ഉത്തരവിട്ടുകഴിഞ്ഞു. ഇനി മേയ്, ജൂൺ മാസങ്ങളിലെ കുടിശ്ശിക ബിൽ മാത്രമേ കൊടുക്കാനുള്ളൂ. അതിപ്പോൾ സർവ്വ സാധാരണമല്ലേ. ഒന്നോ രണ്ടോ മാസത്തെ കുടിശ്ശിക ഉണ്ടാവുകയെന്ന് പറയുന്നത് വലിയ കാര്യമല്ല. ഈ ഗവൺമെന്റിനെ ചെലവഴിക്കാത്ത ഗവൺമെന്റെന്ന് ശ്രീ. മാത്യൂ റ്റി. തേമസ് പറഞ്ഞു. അതിന് അദ്ദേഹം ആധാരമാക്കിയത് 11-06-2012-ൽ നിയമസഭയിൽ നൽകിയ ഒരു ഉത്തരവും പിടിച്ചുകൊണ്ടാണ് അദ്ദേഹം അത് substantiate ചെയ്യാനായി ശ്രമിച്ചത്. ഞാനൊരു കാര്യം പറയട്ടെ, അതിൽ അൻപത് ശതമാനത്തിൽ കുറഞ്ഞ ചില ഐറ്റംസുണ്ട്. അതില്ലായെന്ന് ഞാൻ പറയുന്നില്ല. അതെടുത്ത് പെരുപ്പിച്ച് കാണിച്ചു. പക്ഷേ ബഹുഭൂരിപക്ഷവും 90 ശതമാനവും 95 ശതമാനവും 100 ശതമാനവുമാണ്. എത്രയോ ഐറ്റംസ് നല്ല നിലയിൽ കാഴ്ചവയ്ക്കുകയുണ്ടായി. അതല്ലാതെ ഒന്നോ രണ്ടോ മൂന്നോ ഉദാഹരണങ്ങൾ എടുത്തിട്ട് അത് അമ്പത് ശതമാനത്തിൽ കുറഞ്ഞുപോയി ഗവണമെന്റിന്റെ ചെലവു കുറഞ്ഞുപോയി എന്ന് പറഞ്ഞാൽ നമുക്ക് സമ്മതിക്കാൻ പറ്റില്ല.

2010-11-ൽ ചെലവുകൂടിയിരിക്കുകയാണ്. ശ്രീ. മാത്യൂ റ്റി. തോമസ് കാണിച്ചത് ആക്ചൽ അക്കൗണ്ടല്ല പ്രൊഫിഷണൽ അക്കൗണ്ടായിരുന്നു. ആക്ചലായിട്ട് ഒരു കാര്യം പറയട്ടെ, 2010-11-ൽ പ്ലാൻ പ്രൊവിഷൻ 10025 കോടി രൂപയായിരുന്നു. എക്സ്പെന്റിച്ചർ 8700 കോടിരൂപയാണ് നിങ്ങളുടെ കാലഘട്ടത്തിൽ 2010-11 പ്ലാൻ ചെലവ് 87 ശതമാനമായിരുന്നു. 2011-12-ൽ ഞങ്ങളുടെ കാലഘട്ടത്തിൽ 12010 കോടി രൂപയാണ് ചെലവഴിച്ചത്. 91 ശതമാനമാണ്. നിങ്ങൾ കൈവരിച്ചത് 87 ശതമാനമായിരുന്നെങ്കിൽ ഞങ്ങൾ കൈവരിച്ചത് 91 ശതമാനമാണ്. അതുകൊണ്ട് ഞങ്ങളുടെ കാലഘട്ടത്തിൽ ചെലവൊന്നും ഉണ്ടായില്ല, ചെലവഴിക്കാത്ത ഗവൺമെന്റാണ്, ഇതാ മുഴുവൻ ലാപ്സായിരിക്കുന്നു എന്നൊരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമം നടത്തുന്നത് ശരിയല്ല. 2011-12-ൽ 980 കോടി രൂപയുടെ പദ്ധതി അടങ്കൽ വർദ്ധിപ്പിച്ചു 20 ശതമാനം അടങ്കലും ചെലവ് നാല് ശതമാനവും വർദ്ധിച്ചു. പഴയകാലത്തേക്കാൾ ചെലവ് നാലു ശതമാനം വർദ്ധിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നു. അത് വലിയ കാര്യമാണ്. അതുപോലെ 2011-12-ൽ കൂടുതൽ ചെലവഴിച്ചത് 2250 കോടി രൂപയാണ്. കൂടുതൽ തുക ചെലവഴിച്ച ഗവൺമെന്റിനെപ്പറ്റിയാണ് ചെലവഴിക്കാത്ത ഗവൺമെന്റെന്നു പറഞ്ഞുകൊണ്ട് ശ്രീ. മാത്യൂ റ്റി. തോമസ് കുറേയധികം സമയമെടുത്തു സംസാരിച്ചത് സങ്കടകരമായിപ്പോയി. 2012-13 വർഷത്തെ ആദ്യ ക്വാർട്ടറിൽ 90 ശതമാനവും എ.എസ് കൊടുത്തു. ഇതിനുമുമ്പ് അങ്ങനെയൊരു വർഷം ഉണ്ടായിട്ടുണ്ടോ? ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞ് മന്ത്രിമാരും സെക്രട്ടറിമാരും ഇരുന്നുകൊണ്ട് എ.എസ് കൊടുക്കുന്നതിനുവേണ്ടിയുള്ള ചർച്ചയായിരുന്നു. അതിന്റെ ഫലമായി 90 ശതമാനം എ.എസ് ഇക്കൊല്ലം കൊടുത്തുവെന്ന് പറഞ്ഞാൽ ഇങ്ങനെയൊരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ ഇതൊരു റിക്കാർഡല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. ഇതുപോലെത്തന്നെ 2011-ലെ ഔട്ട് ഫ്ളോ നമുക്കൊന്ന് അറിയണം. അവിടെയാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം. ഡോ. ടി. എം. തോമസ് ഐസക് എപ്പോഴും ട്രഷറി ഭയങ്കരമായി ഉയർത്തിപ്പറയും 2011-12-ൽ 10237 കോടി രൂപയാണ് ഔട്ട് ഫ്ളോയെങ്കിൽ 2012-13-ൽ 14048 കോടി രൂപയാണ് ഞങ്ങൾ ഔട്ട് ഫ്ളോ കൈവരുത്തുന്നത്.

40 ശതമാനം വർദ്ധനയാണ് ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകുന്നത്. ശ്രീ. മാത്യൂ റ്റി. തോമസ് നെല്ല് സംഭരണത്തെപ്പറ്റി പറയുകയുണ്ടായി. നെല്ല് സംഭരണം വലിയ കാര്യമൊന്നുമല്ല. ഇനി 58 കോടി രൂപയെ കൊടുക്കാനുള്ളൂ. ആ 58 കോടി രൂപ ഉടനെ ബാങ്കിൽനിന്ന് കടമെടുത്ത് കൊടുക്കാൻ പോവുകയാണ്. 2011-12-ൽ 107 കോടി രൂപ നെല്ല് സംഭരണത്തിനുവേണ്ടി കൊടുത്തു ഇക്കൊല്ലം 95 കോടി രുപ കൊടുത്തു. ഇങ്ങനെ നിങ്ങളുടെ കാലഘട്ടത്തിൽ കൊടുത്തിട്ടുണ്ടോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ്. വി.ആർ.എസ് എഴുതിക്കഴിഞ്ഞാൽ, കർഷകൻ കൃഷിഭവനിൽ നിന്ന് പേപ്പറും വാങ്ങിച്ചുകൊണ്ട് ഫെഡറൽ ബാങ്കിലോ എവിടെയെങ്കിലും കൊടുത്താലുടനെ കാശുകൊടുക്കുന്ന ഒരു പരിപാടി നിങ്ങൾ ആവിഷകരിക്കുമെങ്കിൽ പലിശ എത്ര രൂപയാണെങ്കിലും വളയും മാലയും കൊണ്ടുവന്ന് ബ്ലേഡുകാർക്ക് പണയം വയ്ക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് അത്. അങ്ങ് അത് പരിഗണിക്കണം.

ശ്രീ. കെ. എം. മാണി: ശ്രീ. തോമസ് ചാണ്ടി, ഒരുകാര്യം മാത്രമേ പറയാനുള്ളൂ. നമുക്ക് ഒരുമിച്ചിരുന്ന് ആലോചിക്കാം ഞാനും യു.ഡി.എഫും തോമസ് ചാണ്ടിയും കർഷകനെ സ്നേഹിക്കുന്നവരാണ്. നമുക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല. കുട്ടനാട്ടിലെ കൃഷികാർക്ക് നെല്ലിന് വിലവേണമെന്ന് പറഞ്ഞാൽ ആദ്യംതന്നെ കൈപൊക്കി അതിനോട് യോജിക്കുന്നത് ഞാനായിരിക്കും. ശ്രീ. തോമസ് ചാണ്ടിയോട് ഒരു കാര്യം ഞാൻ പറയുന്നു. നിങ്ങൾക്ക് എത്രയോ മുമ്പ് ഞങ്ങളൊക്കെ കുട്ടനാടൻ കൃഷികാർക്കുവേണ്ടി എത്രയോ കാര്യങ്ങൾ ചെയ്ത ആളുകളാണ്. അതുകൊണ്ട് ഒരു കാര്യം ഞാൻ പറയുന്നു, നിങ്ങളുടെ കാലഘട്ടത്തിൽ 26 കോടി രൂപ മാത്രമായിരുന്നു ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിരുന്നതെങ്കിൽ ആ സ്ഥാനത്ത് ഞങ്ങളുടെ ഗവൺമെന്റ് കഴിഞ്ഞ വർഷം 107 കോടി രൂപയും ഇക്കൊല്ലം 95 കോടി രൂപയുമാണ് പ്രൊവൈഡ് ചെയ്തത്. ഇനി 58 കോടി രൂപ ഉടനെത്തന്നെ കൊടുക്കുമെന്ന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ഡിമാന്റ് ചർച്ചയിൽ

പറയുകയുണ്ടായി. ബാങ്കിൽനിന്ന് കടമെടുത്ത് ഉടനെ അത് തീർക്കാൻ പോവുകയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, കഴിഞ്ഞ ഗവൺമെന്റിനെക്കാൾ കൂടുതൽ ഈ ഗവൺമെന്റ് കൊടുത്തുവെന്നാണ് അങ്ങ് കണക്ക് പറയുന്നത്. കർഷകന് നെല്ല് സംഭരിച്ചാൽ അപ്പോൾ പണം കിട്ടണം. സപ്ലൈക്കോയാണ് കഴിഞ്ഞ തവണ പണം കൊടുത്തുകൊണ്ടിരുന്നത്. സപ്ലൈക്കോ നെല്ല് സംഭരിച്ചെടുത്തതിനുശേഷം അരിയാക്കി കടകളിൽ വില്പന നടത്തി വരുമാനമാക്കിയതിനുശേഷവും കർഷകന് പണം കിട്ടാതിരിക്കുകയാണ്. ഗവൺമെന്റ് കൊടുത്തുകാണും. പക്ഷേ കർഷകന് ഇതുവരെ പൈസ കിട്ടിയിട്ടില്ല.

ശ്രീ. കെ.എം.മാണി : നമുക്കൊരു കാര്യം ചെയ്യാം. ഒന്നിച്ചിരുന്നു ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട മാത്യു റ്റി. തോമസും തോമസ് ചാണ്ടിയും ഇവിടെ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് വളരെ സീരിയസ്സായും ആത്മാർത്ഥതയോടുകൂടിയും പറയുകയാണ്. പാലക്കാട്ടും കുട്ടനാട്ടിലുമുള്ളത് നെൽകർഷകരാണ്. അവരെ സംരക്ഷിക്കാതിരിക്കാമോ? അവരുടെ ബുദ്ധിമുട്ടുകൾ ഈ ഗവൺമെന്റ് കാണുന്നു. അത് പരിഹരിക്കാൻ എന്ത് നിർദ്ദേശമുണ്ടെങ്കിലും ഓപ്പണായി ചർച്ച ചെയ്ത് കൺസൻസസ് കൊണ്ടുവരാം. അതിനുവേണ്ടി നമുക്ക് ഒന്നിച്ചിരുന്ന് ചർച്ച ചെയ്യാമെന്ന് ഞാൻ പ്രത്യേകം പറയുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, നെൽകർഷകരെ സംബന്ധിച്ച് ഞാൻ ഉന്നയിച്ചത് രണ്ട് വിഷയമാണ്. ഒന്ന് മൂന്നു മാസം മുമ്പ് കേന്ദ്ര ഗവൺമെന്റ് നെല്ലിന് ഒരു രൂപ എഴുപത് പൈസ കൂട്ടി. ഒരു രൂപ എഴുപത് പൈസ കൂട്ടിയെന്നുവച്ചാൽ ഈ വിളവെടുപ്പിന് അത് കർഷകർക്ക് കിട്ടേണ്ടതാണ്. പഞ്ചാബിലെയും ആന്ധ്രയിലേയും കർഷകർക്ക് അത് കിട്ടിയതാണ്. കേരളത്തിൽ ഇപ്പോഴും രണ്ട് രണ്ടര രൂപയുടെ വ്യത്യാസം വരും. ഒന്ന്, അതനുസരിച്ച് നെല്ലിന്റെ വില ഗവൺമെന്റ് ന്യായമായി കൂട്ടേണ്ടതാണ്. രണ്ടാമത്തെ പ്രശ്നം ബാങ്കുകളുമായി ബന്ധപ്പെട്ടതാണ്. നെല്ല് എടുത്തു കഴിഞ്ഞാൽ അടുത്ത വിളവെടുപ്പ് ആകുമ്പോൾ കർഷകന് കാശ് കിട്ടുക എന്നു പറഞ്ഞാൽ അത് കർഷകന്റെ കഷ്ടം മാത്രമല്ല അവനോട് ഗവൺമെന്റ്

കാണിക്കുന്ന നീതികേടാണ്. അങ്ങ് പറഞ്ഞു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റ് പ്രൊവിഷൻ 26 കോടി രൂപയെന്ന്. പക്ഷേ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് കടം എടുത്തു തന്നെ കർഷ കന് ആ പൈസ കൊടുത്തു.

ശ്രീ. കെ. എം. മാണി : ഒരു സബ്മിഷന് ഈ നിയമസഭയിൽ ബഹുമാ നപ്പെട്ട കൃഷി വരുപ്പുമന്ത്രി അസന്നിഗ്ദ്ധമായി മറുപടി പറഞ്ഞു, ഇനി ചില കാര്യങ്ങൾ ചെയ്യാമെന്നും പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടു തൽ കടക്കുന്നില്ല. കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്, ഏതാ യാലും ഞങ്ങളത് നോട്ട് ചെയ്യുന്നു. അതിൽ എന്തെങ്കിലും പോരായ്മകളു ണ്ടെങ്കിൽ പരിശോധിക്കാം. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ 5 ശത മാനം പ്ലാന്റേഷൻ കൺവർഷനെസംബന്ധിച്ച് പറഞ്ഞു. അതിലെന്താണ് ഇത്ര വലിയ കാര്യമിരിക്കുന്നത്. 5 ശതമാനം പ്ലാന്റേഷൻ കൺവർഷനെന്നു പറയു ന്നത്, ഒരു കൃഷിക്കാരന് ഏത് കൃഷിയും ചെയ്യാനുള്ള സ്വാതന്ത്ര്യം ആ കൃഷിക്കാരനുണ്ട്. റബ്ബറിന് വില പോയാൽ തേയിലയാണെങ്കിൽ തേയില. ഒരു പ്ലാന്റേഷനെന്നു പറഞ്ഞാൽ ഇതു മാത്രമല്ല. റബ്ബർ, കാപ്പി, തേയില.. ഒരു കൃഷി വില കുറഞ്ഞാൽ വേറൊരു കൃഷി ചെയ്യാൻ തയ്യാറാകണം. നമുക്കറി യാമല്ലോ തേയില വില കുറഞ്ഞു. തേയില തോട്ടങ്ങൾ അടച്ചുപൂട്ടി. ആ പാവ പ്പെട്ട തൊഴിലാളികൾക്ക് ഫ്രീ റേഷൻ കൊടുത്തത് മുൻ യു.ഡി.എഫ്. ഗവൺമെന്റാണ്. അന്നാണ് ആലോചിച്ചത് തേയിലയ്ക്ക് വില പോയെങ്കിൽ ഔഷധ കൃഷി ചെയ്യാം. പൂവ് കൃഷി ചെയ്യാം. മറ്റു കൃഷി ചെയ്യാം. അതിന്റെ അർത്ഥം ഇത്രയേയുള്ളു. പ്ലാന്റേഷൻ സ്റ്റാറ്റസ് പോകരുതെന്നതേയുള്ളു. ഒരു പത്തേക്കർ റബ്ബർ മാറ്റിക്കൊണ്ട് തേയിലയാക്കിയാൽ അല്ലെങ്കിൽ പത്തേക്കർ പൂവ് കൃഷിയാക്കിയാൽ പ്ലാന്റേഷൻ സ്റ്റാറ്റസ് പോകരുത്. കൺവർഷൻ ആകാൻ പാടില്ലെന്ന് ഒരു നിയമവുമില്ല.

ശ്രീ. സി. ദിവാകരൻ : സർ, മാണിസാർ പറയുന്നത് കൃഷിയെ ഡൈവർട്ട് ചെയ്ത് വേറെ ഐറ്റം ചെയ്യുന്നതിൽ പ്രയാസമില്ല. പക്ഷേ ഇതിൽ സ്പെസിഫിക്കായിട്ട് പറഞ്ഞിട്ടുണ്ട് അഞ്ച് ശതമാനം ടൂറിസത്തിന്റെ ഡെവലപ്മെന്റിന് വേണ്ടിയാണെന്ന്. അതല്ലെങ്കിൽ ആ പറഞ്ഞിരിക്കുന്നത് മാറ്റണം, ഭേദഗതി ചെയ്യണം. കൃഷി മാറ്റി റബ്ബറിന് പകരം തേയില, തേയി

ലയ്ക്ക് പകരം ഗ്രാമ്പൂ, ഗ്രാമ്പൂവിന് പകരം കുരുമുളക് കൃഷി ചെയ്യാം. പക്ഷേ ഇവിടെ അതല്ല. ടൂറിസത്തിനുവേണ്ടി കൺവെർട്ട് ചെയ്യുകയാണ്.

ശ്രീ. കെ.എം.മാണി : Tourism is one of the purposes. ടൂറിസത്തിനു വേണ്ടിയല്ല ഇത്. ഇതിന് എന്താണ്? രാജ്യദ്രോഹം വല്ലതുമുണ്ടോ? നിങ്ങളുടെ പോളിസി മാത്രം നടപ്പിലാക്കാനല്ല ഞങ്ങൾ ഇവിടെ ഇരിക്കുന്നത്. പ്ലീസ്....

ശ്രീ. സി. ദിവാകരൻ : സർ, ഞങ്ങൾ പ്രതിപക്ഷത്ത് ഇരുന്ന് ന്യായമായ സംശയം ഉന്നയിച്ചാൽ നിങ്ങളുടെ നയമല്ല ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നതെന്നുള്ള മറുപടിയല്ല ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ന്യായമായിട്ടുള്ള.. ഞാൻ പറയട്ടെ, ഇപ്പോൾ നൂറ് ഏക്കർ സ്ഥലം ഉണ്ട്. താങ്കളുടെ നിയമ പ്രകാരം അതിൽ അഞ്ച് ശതമാനം ടൂറിസം അടക്കമുള്ള എല്ലാത്തിനും ഉപ യോഗിക്കാം. ഞാൻ അതിൽ അഞ്ച് ശതമാനം വേറൊരാൾക്ക് വിറ്റു. എന്നിട്ട് ഞാൻ ഈ 95 ഏക്കർ അതും വിൽക്കുന്നു. അതിനുശേഷം 95 ഏക്കർ വാങ്ങു ന്നയാൾ അതിന്റെ അഞ്ച് ശതമാനം വീണ്ടും കൊടുക്കുന്നു. അങ്ങനെ ഗ്രാഡ്ജുവലായിട്ട് കേരളത്തിലെ തോട്ടം മേഖല പോവുകയും ഭൂപരിഷ്ക്ക രണം ഇല്ലാതാകവുകയും ചെയ്യും.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതിനൊരു പഴയ ചരിത്രമുണ്ട്, 2004 –ൽ ഇവിടത്തെ തോട്ട വ്യവസായങ്ങൾ അതീവ ഗുരുതരമായ പ്രതിസന്ധി നേരിട്ട അവസരത്തിൽ എല്ലാ യൂണിയൻകാരുടെയും.... ശ്രീ. സി.എ.കുര്യനാണ് അന്ന് നേതൃത്വമെടുത്ത്. എല്ലാവരും ഇവിടെ വന്നു. അവർ വച്ച നിർദ്ദേശമാ ണ്. നമ്മൾ അത് പല സ്ഥലങ്ങളിലും ചർച്ച ചെയ്തു. ചർച്ച ചെയ്ത് അന്ന് ഈ സഭയിൽ നിയമം കൊണ്ടുവന്ന സമയത്ത് പേരിന് എതിർത്തില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇവിടെ പാസ്സാക്കി അത് ഡൽഹിക്ക് അയച്ചു. അവിടുന്ന് അംഗീകാരം കിട്ടുന്നതിനുമുമ്പ് എൽ.ഡി.എഫ് ഗവൺമെന്റ് അധി കാരത്തിൽ വന്നു. നിങ്ങളോട് അഭിപ്രായം ചോദിച്ചു. നിങ്ങൾ അതിന് അനു മതി കിട്ടുന്നതിനുവേണ്ടി എഴുതിയില്ല. പക്ഷേ ആ നിയമം പിൻവലിക്കാൻ നിങ്ങൾ ആവശ്യപ്പെട്ടുമില്ല. നിങ്ങൾക്ക് വേണമെങ്കിൽ ഈ നിയമം ഇല്ലാതാ ക്കാമായിരുന്നു. കേന്ദ്ര ഗവൺമെന്റ് വീണ്ടും കത്തെഴുതി. ഇതൊരു നിയമ സഭ പാസ്സാക്കിയ നിയമമാണ്. നിങ്ങൾക്ക് നിയമസഭ പാസ്സാക്കിയാൽ ഇത്

പിൻവലിക്കാമെന്നു പറഞ്ഞു. നിങ്ങൾ ഒരു ക്യാബിനെറ്റ് സബ്കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി പിൻവലിക്കാനുള്ള തീരുമാനം എടുത്തില്ല. അങ്ങനെ നിന്ന സമയത്താണ് പ്ലാന്റേഷൻ കൺസൾട്ടേറ്റീവ് കമ്മിറ്റി കൂടി. എല്ലാ യൂണിയൻകാരും എല്ലാ രാഷ്ട്രീയ പാർട്ടികളുമുള്ള ആ മീറ്റിംഗിൽ ഞാൻ തന്നെ ഈ പ്രശ്നം എടുത്തിട്ടു. എന്തു വേണമെന്നു ചോദിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയായിട്ട് പങ്കെടുത്തയാൾ നമുക്ക് അതൊന്ന് പ്രത്യേകം ചർച്ച ചെയ്യണമെന്ന് പറഞ്ഞു . എ.ഐ.റ്റി.യു.സി.യുടെ ആൾക്കാരടക്കമുള്ളവർ അത് ആവശ്യമാണെന്ന് പറഞ്ഞു ഇത് ടൂറിസത്തിനുവേണ്ടിയാണ് എന്ന് പറഞ്ഞ് ഒരു പ്രചരണം നടത്തുന്നത് ശരിയല്ല. ടൂറിസം മറ്റ് പല പരിപാടികളുടെ കൂടെയുണ്ട്. പച്ചക്കറി കൃഷിയുണ്ട്, വാനില കൃഷിയുണ്ട്, പൂവ് കൃഷിയുണ്ട്. ഔഷധ കൃഷിയുണ്ട്. പല ഐറ്റത്തിന്റെ കൂടെ ടൂറിസവുമുണ്ട്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : സർ, അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്ലാന്റേഷന്റെ പ്രതിനിധികൾ ഇക്കാര്യം ഉന്നയിച്ചത് ശരിയാണ്. അതേസമയം തൊഴിലാളി സംഘടനകൾ ഒന്നുപോലും അംഗീകരിച്ചില്ല. എ.ഐ.റ്റി.യു.സി. അംഗീകരിച്ചില്ല, ഐ.എൻ.റ്റി.യു.സി.അംഗീകരിച്ചില്ല, സി.ഐ.റ്റി.യു.അംഗീകരിച്ചില്ല ഒരു സംഘടനയും അംഗീകരിച്ചില്ല. അതുമാത്രമല്ല പ്ലാന്റേഴ്സിന്റെ പ്രതിനിധികളും തൊഴിലാളി സംഘടനാ പ്രതിനിധികളും അടങ്ങുന്ന ഒരു സ്റ്റഡികമ്മിറ്റിയെ വച്ചു. ആ സ്റ്റഡി കമ്മിറ്റി രാജ്യത്താകെ പോയി സ്റ്റിഡി നടത്തി. കമ്മിറ്റിയുടെ റിപ്പോർട്ട് വന്നപ്പോൾ ആ സ്റ്റഡി കമ്മിറ്റി റിപ്പോർട്ടിനകത്ത് അപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല. ഇപ്പോൾ അഞ്ച് ശതമാനം എന്നു പറഞ്ഞാൽ 90,000 ഏക്കർ വരും. അവിടെ റിസോർട്ട് അടക്കമുള്ള കാര്യങ്ങൾ ചെയ്യുകയെന്നു പറഞ്ഞാൽ അത് നമ്മുടെ സംസ്ഥാനത്തെ, വളരെ കുറച്ചുമാത്രം സ്ഥലമുള്ള കേരളത്തിന്റെ ഭൂമി മുഴുവൻ നഷ്ടപ്പെട്ടുപോവുകയാണ് ചെയ്യുന്നത്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ ആ പ്രശ്നം ഉന്നയിച്ചത് ഞാനാണ്. ഉടമകളല്ല. അതിൽ എ.ഐ.ടി.യുസി. അടക്കമുള്ളവർ അനുകൂലിച്ചു. ഇപ്പോൾ ഇതല്ല വേറൊരു ഫോറത്തിലാണ് ചർച്ച ചെയ്യേണ്ടതെന്ന് നിങ്ങളുടെ പാർട്ടിയിൽനിന്നുമുള്ള ശ്രീ. കെ. കെ. ജയചന്ദ്രൻ

പറഞ്ഞു. അനുകൂലിച്ചെന്ന് ഞാൻ പറയുന്നില്ല. വേറൊരു ഫോറത്തിൽ പിന്നീട് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസനോട് ഞാൻ ചോദിക്കുകയാണ്, നിങ്ങൾ അഞ്ച് കൊല്ലം ഭരിച്ചിട്ട് ഈ നിയമം എന്തുകൊണ്ടാണ് പിൻവലിക്കാതിരുന്നത്.

ശ്രീ. കെ. എം. മാണി: ഞങ്ങൾ ഒരു പുതിയ പോളിസി കൊണ്ടുവന്നതല്ലല്ലോ; ഈ നിയമസഭ പാസ്സാക്കി ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവച്ച് നിയമമായിക്കഴിഞ്ഞ ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം തർക്കിച്ചിട്ട് കാര്യമുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമം നടപ്പാക്കാൻ പോകുന്ന സാഹചര്യത്തെക്കുറിച്ചാണ് ഇപ്പോൾ പ്രശ്നം വന്നിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു ലക്ഷത്തോളം ഏക്കർ ഭൂമിയാണ് മറ്റാവശ്യത്തിനുവേണ്ടി നഷ്ടപ്പെടാൻ പോകുന്നത്. ഇതിനെതിരായ അഭിപ്രായം ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉൾപ്പെടെ ഭരണപക്ഷത്ത് ഉന്നയിച്ച സാഹചര്യത്തിൽ നിലവിൽ ഉണ്ടെന്ന് പറയുന്ന നിയമത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ഒന്നിച്ച് ആലോചിച്ചുകൂടെ? അല്ലെങ്കിൽ ഗുരുതരമായ പ്രശ്നങ്ങളിലേക്ക് സംസ്ഥാനം നീങ്ങും. ഭൂപരിഷ്കരണം തന്നെ ഇല്ലാതാകും.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞത് ഇതിന്റെ ഇംപ്ലിമെന്റേഷൻ സമയത്ത് സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണമെന്നാണ്. നല്ല അഭിപ്രായമാണ്. ഗവൺമെന്റ് അത് സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുമെന്ന് പറഞ്ഞു. ഇപ്പോൾ പറഞ്ഞുപറഞ്ഞ് ഇത് വിൽക്കാൻവേണ്ടിയാണ് എന്നാക്കുകയാണ്. തുണ്ടു തുണ്ടായി വിൽക്കാൻവേണ്ടിയല്ല നിയമം. ഒരു എസ്റ്റേറ്റ് ഓണർക്ക് അതിലൊരു ഭാഗം കൺവർട്ട് ചെയ്യണമെങ്കിൽ കൺവർട്ട് ചെയ്യുവാനുള്ള അവകാശമുണ്ടെന്നുള്ളതല്ലാതെ നാളെ മുതൽ ഭൂമി വിൽക്കാൻ പോകുകയാണ്, തോട്ടം വിൽക്കാൻ പോകുകയാണ്, ആ രീതിയിലുള്ള ഒരു പ്രചരണം കൊണ്ടുവന്നിട്ട് ഒരു കാര്യവുമില്ല. നമ്മൾ ഫാക്ടിനെ ഫാക്ടായി കാണണം. അതുകൊണ്ട് സൂക്ഷ്മതയോടുകൂടിയായിരിക്കും ഗവൺമെന്റ് ഇത് കൈകാര്യം ചെയ്യുന്നത്. ഈ നിയമം ദുരുപയോഗിക്കാൻ ആരേയും ഗവൺമെന്റ് അനുവദിക്കുന്നതല്ല. ഇവിടെ ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് വീണ്ടും

പഴയ വാദം ഒന്നുകൂടി ഓർമ്മിപ്പിക്കുവാൻ ശ്രമിച്ചു. അദ്ദേഹത്തോട് പറയട്ടെ, ഞങ്ങളുടെ നോട്ടത്തിൽ, നിങ്ങളുടെ പോളിസിയും ഞങ്ങളുടെ പോളിസിയും രണ്ടും രണ്ടാണ്. നിങ്ങൾ പറയുന്നത് കടം എടുത്തോ എന്നാണ്. കടം എടുത്താൽ പലിശ കൊടുക്കണം. പലിശ കൂടുമ്പോൾ റവന്യൂ ചെലവ് വർദ്ധിക്കുന്നു. റവന്യൂക്കമ്മി കൂടുന്നു. റവന്യൂക്കമ്മി കൂടുമ്പോൾ ധനകാര്യ കമ്മീഷന്റെ അവാർഡ് നഷ്ടപ്പെടുന്നു. എന്തെല്ലാം വിഷമതകളാണ് വരുന്നത്? കേരളം Debt stressed State ആയത് എങ്ങനെയാണ്? കേരളവും പഞ്ചാബും ബംഗാളും..... Debt stressed States ആയതിന് ഉത്തരവാദികൾ ആരാണ്? അതിന് നമ്മളെല്ലാവരും ഉത്തരവാദികളാണ്. ഇനിയും പഴയ രീതിയിലേക്ക് ഇതിൽനിന്ന് ഒരു മോചനം ഇല്ലാതെ പോകണമെന്നാണ് ഡോ.തോമസ് ഐസക് വിചാരിക്കുന്നതെങ്കിൽ ഞങ്ങളെ കുഴപ്പിക്കാൻ വേണ്ടി ഒരു ഉപദേശം പറയുന്നു എന്നല്ലാതെ അതിൽ ഞാൻ വലിയ കഴമ്പൊന്നും കാണുന്നില്ല. ഏതായാലും ഞങ്ങളെ സംബന്ധിച്ച് വലിയ സുവ്യക്തതയാണ്. റവന്യൂ വരുമാനത്തിന്റെ 75 ശതമാനവും ശമ്പളത്തിനും പെൻഷനും ഇന്ററസ്റ്റിനും വേണ്ടി ചെലവഴിക്കുന്ന ഒരു സംസ്ഥാനത്ത് ഇനിയും നമുക്ക് ബോറോയിംഗ് നടത്തണമെങ്കിൽ അതിനൊക്കെ ചില നിയമങ്ങളുണ്ട്. പ്ലാനിംഗ് കമ്മീഷന്റെയും ഫിനാൻസ് കമ്മീഷന്റെയും കേന്ദ്ര ഗവൺമെന്റിന്റേയും ചില നിർദ്ദേശങ്ങളുണ്ട്. ഇതെല്ലാം വച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യം കണക്കിലെടുത്തു മാത്രമേ പ്രവർത്തിക്കുകയുള്ളു എന്നുള്ളതാണ് എനിക്ക് പ്രത്യേകമായി ഓർമ്മിപ്പിക്കാനുള്ളത്. ഞാൻ ഡോ. തോമസ് ഐസക്കിനോട് ഒരു കാര്യം പറയാം, നിങ്ങൾ വാസ്തവത്തിൽ വേണ്ടത്ര സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യാത്തതുകൊണ്ട് ഈ സംസ്ഥാനത്തിന് എന്തുമാത്രമാണ് നഷ്ടം വന്നത്; 2006-2011 കാലയളവിൽ റവന്യൂ കമ്മി നിങ്ങൾ കുറയ്ക്കാതിരുന്നതുകൊണ്ട് പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽനിന്ന് കിട്ടേണ്ടിയിരുന്ന 812 കോടി രൂപ കേരളത്തിന് നഷ്ടമായി. വെറുതെ ഓരോ കാര്യങ്ങൾ പറയുകയാണ്. വൈദ്യനാഥൻ കമ്മീഷൻ ശുപാർശ നടപ്പിലാക്കാതിരുന്നതുകൊണ്ട് ആയിരം കോടി രൂപ നമുക്ക് നഷ്ടമായി. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെഗറ്റീവ് നെറ്റ്വർത്ത് കറക്ട് ചെയ്യാതിരുന്നതുകൊണ്ട് നബാഡിൽനിന്നുള്ള രൂപ

നമുക്ക് നഷ്ടമായി. അത് വീണ്ടെടുത്തത് ഈ ഗവൺമെന്റാണ്. ഹഡ്കോയ്ക്ക് കൊടുക്കാനുള്ള രൂപ നിങ്ങൾ കൊടുക്കാതിരുന്നതുകൊണ്ട് ഹഡ്കോ നമുക്ക് തന്നുകൊണ്ടിരുന്ന വായ്പ നിർത്തി. പാവപ്പെട്ടവരായ, പാർപ്പിട രഹിതരായ എത്രയോ ആയിരക്കണക്കിനാളുകൾ ദുരന്തത്തിലായി. അതിൽനിന്ന് മോചനം ഉണ്ടാക്കിയത് ഞങ്ങളാണ്. നിങ്ങൾ ഭരിച്ച കാലഘട്ടത്തിൽ വാസ്തവത്തിൽ യാതൊരു ഫിനാൻഷ്യൽ ഡിസിപ്ലിനും ഇല്ലാതെ കേരളത്തിന്റെ താൽപര്യങ്ങളെ ഹനിച്ചുകൊണ്ട് തെറ്റായ നയങ്ങൾ നടപ്പിലാക്കിയതുകൊണ്ട് കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടേണ്ടുന്ന ധനസഹായം നഷ്ടപ്പെട്ടുപോയ ഒരു സാഹചര്യത്തിൽ നിങ്ങളുടെ നയം ഞങ്ങൾ സ്വീകരിക്കണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് എനിക്ക് ഒരുകാര്യം മാത്രമേ പറയാനുള്ളു. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് എന്നും ആ പഴയ വാദ മുഖത്തിൽ ഉറച്ച് നിന്നുകൊണ്ട് വീണ്ടും, വീണ്ടും, ആ വാദമുഖം ഇട്ട് പ്രസംഗിക്കുന്നതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് വന്നിരിക്കുന്നത്. എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ ഒരു കരാർ ബി.എസ്.എൻ.എൽ. ന് കൊടുത്തത് റദ്ദാക്കിയതിനെക്കുറിച്ച് പറഞ്ഞു. നബാർഡിന്റെ സഹായ ത്തോടെ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുമായി ഒരു ധാരണാപത്രം ഒപ്പുവച്ചു. പക്ഷെ കരാർ ഒപ്പിടുന്നതിനു മുൻപേ സർവ്വകലാ ശാലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് യൂണിവേഴ്സിറ്റിയുടെ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് റദ്ദാക്കിയത്. ....... കരാർ ഒപ്പിടുന്നതിനു മുൻപാണ്. ധാരണാ പത്രം ഉണ്ടായിരുന്നു .......(ബഹളം)..... ഒപ്പിട്ടിട്ടില്ല. അതാണ് തെറ്റ്. ഞാനും കൂടി പങ്കെടുത്തെ ന്നുള്ള ദേശാഭിമാനിയിലെ വാർത്തകണ്ടപ്പോൾ തന്നെ ഞെട്ടി. ഞാൻ യോഗ ത്തിൽ പങ്കെടുത്തിട്ടില്ല. ഇതോടൊപ്പം പുതിയ സർവ്വകലാശാലയുടെ ക്യാമ്പ സുകൾ ആസൂത്രിതമായി വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണെന്ന് വില യിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ട് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് അഭില ഷണീയമാണെന്ന് തീരുമാനിച്ചു. ഇതിനായി അപേക്ഷ ക്ഷണിച്ചു. ഇതിനു മുൻപ് ഉയർന്ന മാനദണ്ഡങ്ങൾ അവലമ്പിച്ചുകൊണ്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. ഏതാനും അപേക്ഷകളും ലഭിച്ചിരുന്നു. ഇപ്പോൾ മാനദണഡങ്ങൾ കുറച്ച സ്ഥിതിക്ക് കൂടുതൽ അപേക്ഷകൾ ലഭിക്കുമെന്നാണ് പ്രതീക്ഷ. നേരത്തെ ലഭിച്ചതും ഇപ്പോൾ ലഭിച്ചതുമായ അപേക്ഷകൾ ചേർത്ത് പരിഗണിച്ചശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച തീരു മാനം എടുക്കുന്നതായിരിക്കും. ഈ തീരുമാനങ്ങൾ സർവ്വകലാശാലയുടെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതല്ലാതെ മറ്റൊരു ദുരുദ്ദേ ശവും ഇല്ല.

ശ്രീ. സി. ദിവാകരൻ: മന്ത്രി പറഞ്ഞത് ശരിയല്ല. വസ്തുതാപരമല്ല. രേഖകൾവച്ച് തെളിയിക്കാൻ കഴിയും. 10-04-2012 -ൽ നിങ്ങൾ കൂടിയ കമ്മിറ്റി ബി.എസ്.എൻ.എൽ -ന് ആദ്യത്തെ വർക്ക് അവാർഡ് ചെയ്തിരി ക്കുന്നു. കണ്ടീഷൻസ് അനുസരിച്ചുള്ള രജിസ്ട്രാറുടെ കത്താണ്. അതനു

സരിച്ച് അഡ്വാൻസ് ആവശ്യപ്പെട്ടു. അഡ്വാൻസ് കൊടുക്കാനുള്ള തീരുമാനത്തിനുമുൻപ് ശ്രീ. ജയകുമാർ ഐ.എ.എസ്., ശ്രീ. എം. വി. ശ്രേയാംസ്കുമാർ, ശ്രീ. ഗിരീഷ് കുമാർ, ശ്രീ. സുമനൻ, കുമാരി സുധ തുടങ്ങിയ ഏഴുപേർ അടങ്ങുന്ന കമ്മിറ്റി അടിയന്തരമായി ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ വിളിച്ചിരിക്കുന്നു. അതിന് അജണ്ടയില്ല. അതിന് നോട്ടീസ് കൊടുത്തില്ല. ആ കമ്മിറ്റിയാണ് വർക്ക് സസ്പെന്റ് ചെയ്തത്. സസ്പെന്റ് ചെയ്തതിന് കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. The MOU with M/s.B.S.N.L. shall be terminated based on the above mentioned changes in the policy. അത്രയേയുള്ളു. പോളിസി നിങ്ങൾ മാറ്റി. ബി.എസ്.എൻ.എൽ. -ന് കൊടുത്ത വർക്ക് നിങ്ങൾ ക്യാൻസൽ ചെയ്തു.

<u>ശ്രീ. കെ.പി. മോഹനൻ:</u> ഇവിടെ പോളിസിയിലാണ് മാറ്റം വരുത്തിയത്. 28-06-12-ന് ചേർന്ന യോഗ തീരുമാനമാണ് ഇപ്പോൾ ഇവിടെ വായിച്ചത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ. -ന് കരാർ കൊടുക്കാൻ തീരുമാനിച്ചത് എന്തിന് മാറ്റി? ഇത് നിയമസഭ അറിയണ്ടേ?

<u>ശ്രീ. കെ. പി. മോഹനൻ:</u> കരാർ കൊടുത്തിട്ടില്ല. ....(ബഹളം)....ഒപ്പിട്ടിട്ടില്ല. കരാർ കൊടുക്കാനുള്ള ആലോചനയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തത് എത്ര എണ്ണം റദ്ദ് ചെയ്തിട്ടുണ്ട്? കെ.എസ്.ടി.പി. ക്ക് കൊടുത്തത് റദ്ദ് ചെയ്തിട്ടില്ലേ? ........(ബഹളം)...... ഇതൊന്ന് പറഞ്ഞോട്ടെ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ. -ന് കരാർ കൊടുക്കാൻ തീരുമാനിച്ച വ്യക്തമായ ഓർഡറാണ് ഇവിടെ ഉള്ളത്. അങ്ങനെ ഒരു ധാരണാപത്രം ഉണ്ടാക്കിയത് റദ്ദ് ചെയ്യുന്നതിനുള്ള ഒരു കാരണവും ഇല്ല. ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്തിട്ടില്ലെന്ന് പറഞ്ഞു. ആരാണ് ഇതിന് തീരുമാനം എടുത്തത്? ഈ തീരുമാനത്തിന്റെ പിന്നിൽ ഒരു കറപ്ഷനുണ്ട്. വലിയ ഒരു അഴിമതി നടത്തുന്നതിനുവേണ്ടിയാ

ണ്. അതുകൊണ്ട് ഈ തീരുമാനം റദ്ദാക്കിയതിനെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറുണ്ടോ?

